# കേരള മീഡിയ അക്കാദമി

കാക്കനാട്, കൊച്ചി-30

## ക്വട്ടേഷൻ നോട്ടീസ്

വിഷയം:- കേരള മീഡിയ അക്കാദമി--'മീഡിയ' മാഗസിന്റെ മാറ്റർ കളക്ഷൻ മുതൽ പ്രീ-പ്രസ് വർക്ക് പൂർത്തിയാക്കുന്നതു വരെയുള്ള പ്രവർത്തനങ്ങൾക്ക് ക്വട്ടേഷൻ ക്ഷണിക്കുന്നതു സംബന്ധിച്ച്.

സൂചന:- ചെയർമാന്റെ 20.05.16-ലെ നിർദ്ദേശം.

---

നം.382/ഇ/2016/കെഎംഎ തീയതി : 20.05.2016

---

കേരള മീഡിയ അക്കാദമിയുടെ പ്രതിമാസപ്രസിദ്ധീകരണമായ 'മീഡിയ'യുടെ മാറ്റർ കളക്ഷൻ മുതൽ പ്രിന്റിങ്ങിന് അയയ്ക്കുന്നതു വരെയുള്ള പ്രവർത്തനങ്ങൾ നടത്താൻ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഏജൻസികളിൽ നിന്നും വ്യക്തികളിൽ നിന്നും മുദ്രവച്ച കവറിൽ ക്വട്ടേഷൻ ക്ഷണിക്കുന്നു. മലയാളം, ഇംഗ്ലീഷ് ഭാഷകൾ ഉൾപ്പെട്ട ബൈലിംഗ്വൽ മാസികയാണ് മീഡിയ. ഈ പ്രസിദ്ധീകരണത്തിന്റെ കോപ്പി ആവശ്യമുള്ള ക്വട്ടേഷണർമാർക്ക് കൊച്ചിയിൽ കാക്കനാട്ടുള്ള അക്കാദമിയുടെ ഓഫീസിൽ മാർക്കറ്റിങ് ഇൻ ചാർജിനെ ബന്ധപ്പെടാവുന്നതാണ്.

മാറ്റർ കളക്ഷൻ, എഡിറ്ററുടെ നിർദ്ദേശപ്രകാരമുള്ള എഡിറ്റിങ് ജോലികൾ, ഡി.ടി.പി, ലേ-ഔട്ട്, പ്രൂഫ് റീഡിങ്, കറക്ഷൻ (പേജിനേഷൻ ഉൾപ്പെടെ), കവർ ഡിസൈനിങ്, ഫോട്ടോ എഡിറ്റിങ് തുടങ്ങിയ ജോലികളാണ് നിർവഹിക്കേണ്ടത്. മാസികയുടെ സാങ്കേതികവിവരങ്ങൾ ചുവടെ:

| | | |
|---|---|---|
| പേജ് | .. | 48 (ഉൾപ്പേജ്) + 4 (കവർ) = 52 |
| കളർ | .. | ഉൾപ്പേജ് - ബ്ലാക്ക് & വൈറ്റ് |
| കവർ | .. | മൾട്ടി കളർ (രണ്ടുവശവും) |
| സൈസ് | .. | ഡിമൈ 1/4 |
| സ്റ്റേപ്പിൾ | .. | സെന്റർ |

10 ദിവസം കൊണ്ട് വർക്ക് പൂർത്തിയാക്കണം. മൂന്നു പ്രൂഫ് പ്രിന്റുകൾ എടുത്തു നൽകണം. (ലേ ഔട്ട് ചെയ്തത് ഉൾപ്പെടെ). പരസ്യങ്ങളുടെ മാറ്റർ മാത്രം ലഭ്യമാകുന്ന സാഹചര്യത്തിൽ അവ ഡിസൈൻ ചെയ്യണം. ആവശ്യമായ ചിത്രങ്ങൾ കണ്ടെത്തേണ്ട ചുമതലയും ഉണ്ടായിരിക്കും. അച്ചടിക്കാൻ സജ്ജമാക്കിയ മാസിക സിഡിയിൽ/ഡിവിഡിയിൽ അക്കാദമി സെക്രട്ടറിക്കു ലഭ്യമാക്കണം. ഇ-മെയിലിലും കോപ്പി നൽകേണ്ടതാണ്. സെസ്-ടാക്സ് ഉൾപ്പെടെയുള്ള റേറ്റാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്. സെസ്-ടാക്സ് എത്രയെന്നതും പ്രത്യേകം വ്യക്തമാക്കിയിരിക്കണം.

പൂർണ്ണമായ ക്വട്ടേഷനുകൾ സാക്ഷ്യപ്പെടുത്തി 2016 മെയ് 28-ന് പകൽ മൂന്നു മണിക്കകം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി -30 എന്ന വിലാസത്തിൽ ലഭ്യമാക്കണം. കവറിന്റെ മുകളിൽ 'മീഡിയ' പ്രീ-പ്രസ് വർക്കിനുള്ള ക്വട്ടേഷൻ എന്നു രേഖപ്പെടുത്തിയിരിക്കണം. അന്നേ ദിവസം വൈകീട്ട് നാലു മണിക്ക് ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കും. അംഗീകരിക്കപ്പെടുന്ന ക്വട്ടേഷന്റെ ഉടമ അക്കാദമിയുമായി നിയമാനുസൃതമുള്ള കരാറിൽ ഒപ്പുവയ്ക്കണം. പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെട്ട 'മീഡിയ' പ്രീ-പ്രസ് വർക്ക് വ്യവസ്ഥകൾ സെക്രട്ടറിയുടെ പക്കൽ നിന്നു ലഭിക്കും. അതിന്റെ അടിസ്ഥാനത്തിലാണു കരാർ ഒപ്പിടേണ്ടത്.

....2

ലഭിച്ച ക്വട്ടേഷനുകളിൽ ഒന്നോ ഒന്നിലധികമോ മുഴുവനുമോ കാരണംകൂടാതെ നിരസിക്കാനും ഒന്നിലേറെ ക്വട്ടേഷനുകൾ സ്ഥിരപ്പെടുത്തി പട്ടിക രൂപവത്ക്കരിക്കാനും അക്കാദമി സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും.

സെക്രട്ടറി ഇൻ ചാർജ്
കേരള മീഡിയ അക്കാദമി

പകർപ്പ്:

1 മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, ഐ&പിആർഡി, എറണാകുളം.
(നോട്ടീസ് ബോർഡിൽ പതിപ്പിക്കുന്നതിന് ആമുഖ കത്ത് സഹിതം)

2 നോട്ടീസ് ബോർഡ്, കേരള മീഡിയ അക്കാദമി.
3 കമ്പ്യൂട്ടർ ലാബ് - വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4 കരുതൽ ഫയൽ
5 ഓഫീസ് കോപ്പി